# ജീവിതയാത്ര

Jeevitha Yatra

KRISHNAMURTI FOUNDATION INDIA MAY-AUGUST 2013 RS.2/- VOL. 8 ISSUE 3

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

## കൃഷ്ണമൂർത്തിയെ പരിചയപ്പെടുക

ജെ. കൃഷ്ണമൂർത്തിയുടെ കൃതികളുമായി ഇതുവരെ പരിചയപ്പെട്ടിട്ടില്ലാത്തവരെ മുഖ്യമായും ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ സമാഹാരം. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, ലേഖനങ്ങൾ, അഭി മുഖങ്ങൾ, ഡയറിക്കുറിപ്പുകൾ, കത്തുകൾ, സംഭാഷണങ്ങൾ, ചർച്ചകൾ തുടങ്ങിയവയിൽനിന്ന് തിരഞ്ഞെടുത്തവ ഉൾക്കൊള്ളുന്ന സമാഹാരം. ഇംഗ്ലീഷിൽനിന്നും വിവർത്തനം ചെയ്തത് ഡോ. ഇ.കെ. പുരുഷോത്തമൻ. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ വില രൂപ: 120/–

*ഈ പുസ്തകത്തിന്റെ കുറെ ഭാഗങ്ങൾ ഈ ലക്കത്തിൽ അവതരിപ്പിക്കുന്നു. –*

*എഡിറ്റർ*




## അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ

പ്രകൃതിയുമായി, പലതരത്തിലുള്ള ജീവികളുമായി, ചാടുന്ന തവളകൾ, കുന്നുകളിൽ ഇണയെത്തേടി വിളികൂടുന്ന മൂങ്ങകൾ തുടങ്ങിയവയുമായി, നമുക്ക് പ്രായേണ ബന്ധമൊന്നുമില്ലെന്നത് വിചിത്രമാണ്. ഭൂമിയിലെ ജീവജാലങ്ങളോടൊന്നും നമുക്ക് സഹാനുഭൂതിയുള്ളതായി തോന്നുന്നില്ല. പ്രകൃതിയുമായി ഗാഢവും സ്ഥിരവുമായ ഒരു ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാൽ നമ്മൾ ഒരിക്കലും ഭക്ഷണത്തിനുവേണ്ടി ഒരു മൃഗത്തെ കൊല്ലില്ല. കുരങ്ങനെയോ നായയെയോ എലിപ്പന്നിയെയോ നമ്മുടെ പ്രയോജനത്തിനുവേണ്ടി ഉപദ്രവിക്കുകയോ മുറിച്ചു പരിശോധിക്കുകയോ ചെയ്യില്ല. നമ്മുടെ മുറിവുകൾ ഉണക്കാനും ശരീരം സുഖപ്പെടുത്താനും നാം വേറെ മാർഗങ്ങൾ നേടും. പക്ഷേ, മനസ്സിനെ സുഖപ്പെടുത്തുക എന്നതു തികച്ചും വ്യത്യസ്തമായ കാര്യമാണ്. നിങ്ങൾ പ്രകൃതിയോട്, മരത്തിലെ ആ മധുരനാരങ്ങയോടും, സിമന്റിലെ വിള്ളലുകൾക്കിടയ്ക്കു തലനീട്ടുന്ന പൂൽനാമ്പുകളോടും, മേഘങ്ങളാൽ മൂടപ്പെട്ട കുന്നുകളോടും മറ്റും ഇണങ്ങിച്ചേരുമ്പോൾ, ആ ആശ്വാസം സാവധാനത്തിൽ കൈവരുന്നു.

ഇതൊരു വൈകാരികഭാവമോ കാല്പനിക ഭാവനയോ അല്ല; മറിച്ച് ഈ ഭൂമിയിൽ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്ന എല്ലാറ്റിനോടുമുള്ള ബന്ധത്തെക്കുറിക്കുന്ന യാഥാർത്ഥ്യമാണ്. മനുഷ്യൻ ലക്ഷക്കണക്കിന് തിമിംഗലങ്ങളെ കൊന്നിട്ടുണ്ട്; ഇപ്പോഴും അവയെ കൊല്ലുന്നുമുണ്ട്. അവയെ കൊല്ലുന്നതുവഴി ലഭിക്കുന്നതെല്ലാം നമുക്ക് മറ്റു മാർഗങ്ങളിലൂടെ നേടാവുന്നതാണ്. പക്ഷേ, മനുഷ്യന് കൊല്ലുന്നത് ഇഷ്ടമാണെന്നു തോന്നുന്നു. ഓടുന്ന മാനുകളെയും ഭംഗിയുള്ള കൃഷ്ണമൃഗങ്ങളെയും വലിയ ആനകളെയും അവൻ കൊല്ലുന്നു. പരസ്പരം കൊല്ലുന്നതു നാം ഇഷ്ടപ്പെടുന്നു. മനുഷ്യരുടെ അന്യോന്യമുള്ള കൊല, ഈ ഭൂമുഖത്തെ മനുഷ്യന്റെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാതായിട്ടില്ല. നമുക്കു പ്രകൃതിയുമായി, വൃക്ഷങ്ങൾ, കുറ്റിക്കാടുകൾ, പൂക്കൾ, പുല്ലു

☞ 2

## ശീലവും അതിനോടുള്ള പ്രതിരോധവും

ചോദ്യകർത്താവ്: എന്നിൽ പ്രബലമായി നിൽക്കുന്ന ഒരു ശീലമുണ്ട്. എനിക്ക് മറ്റു ശീലങ്ങളുമുണ്ട്. പക്ഷേ, അവയത്ര പ്രധാനമല്ല. ഓർമവെച്ച കാലംമുതൽ ഞാൻ ഈ ഒരു ശീലവുമായി പോരാടുകയാണ്. അത് ശൈശവത്തിൽതന്നെ രൂപപ്പെട്ടതായിരിക്കണം. നേരെയാക്കാൻ ആരും അന്നത്ര ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ഞാൻ വലുതായപ്പോൾ അതു കൂടുതൽക്കൂടുതൽ രൂഢമൂലമായി. ചിലപ്പോൾ അത് അപ്രത്യക്ഷമാകും; പക്ഷേ, വീണ്ടും മടങ്ങിവരും. എനിക്കത് ഒഴിവാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അതിന്റെമേൽ പൂർണമായ അധീശത്വം നേടാൻ എനിക്കാഗ്രഹമുണ്ട്. അതിനെ ജയിക്കുക എന്നത് എന്നെസ്സംബന്ധിച്ചടത്തോളം ഒരു ഭ്രാന്തായി മാറിയിരിക്കുന്നു. ഞാനന്താണ് ചെയ്യേണ്ടത്?

*കൃഷ്ണമൂർത്തി:* താങ്കൾ പറഞ്ഞതനുസരിച്ച് വളരെ വളരെ കൊല്ലങ്ങളായി താങ്കൾ ഒരു ശീലത്തിൽ വീണുകഴിഞ്ഞിരിക്കുന്നു. താങ്കൾ മറ്റൊരു ശീലം വളർത്തിയെടുക്കുകയും ചെയ്തു കഴിഞ്ഞു. ആദ്യത്തെ ശീലത്തോട് യുദ്ധംചെയ്യുക എന്നത്. താങ്കൾ ആദ്യത്തെ ശീലം ഒഴിവാക്കാൻ ശ്രമിക്കുന്നു, അതിനെ നിഷേധിക്കുന്ന മറ്റൊരു ശീലം വളർത്തിയെടുത്തുകൊണ്ട്. ഒരു ശീലത്തോട് മറ്റൊരു ശീലത്താൽ താങ്കൾ യുദ്ധം ചെയ്യുന്നു. ആദ്യത്തെ ശീലം ഒഴിവാക്കാൻ കഴിയാതിരിക്കുമ്പോൾ താങ്കൾക്കു ലജ്ജയും നിരാശയും കുറ്റബോധവും അനുഭവപ്പെടുന്നു. തന്റെ ദൗർബല്യത്തെച്ചൊല്ലി താങ്കൾ തന്നോടുതന്നെ കോപിക്കുന്നു. രണ്ടു ശീലങ്ങളും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ആദ്യത്തേതില്ലെങ്കിൽ രണ്ടാമത്തേതുണ്ടാവുകയില്ല. അതിനാൽ രണ്ടാമത്തേത്

*അഞ്ചാം പേജിൽ തുടർച്ച*

# അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ

കൾ, പാറിപ്പോകുന്ന മേഘങ്ങൾ എന്നിവയെല്ലാമായി അഗാധവും ദീർഘവും സ്ഥിരവുമായ ഒരു ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാൽ... അതു നാം ചെയ്യുക തന്നെ വേണം. എന്തു കാര്യത്തിനു വേണ്ടിയാണെങ്കിലും നാം അന്യമനുഷ്യനെ കൊല്ലാൻ മുതിരുകയില്ല. സംഘടിതമായ കൊല്ലലാണ് യുദ്ധം. ആണവയുദ്ധം പോലുള്ള ചില യുദ്ധങ്ങൾക്കെതിരെ നാം പ്രതിഷേധിക്കാറുണ്ടെങ്കിലും മൊത്തത്തിൽ യുദ്ധത്തിനെതിരെ നാം ഒരിക്കലും പ്രതിഷേധിച്ചിട്ടില്ല. മനുഷ്യനെ കൊല്ലുന്നതാണ് ഭൂമിയിലെ ഏറ്റവും വലിയ പാപമെന്നു നാം ഒരിക്കലും പറഞ്ഞിട്ടില്ല.

★ ★ ★

മിക്ക മനുഷ്യരും സ്വാർത്ഥരാണ്. തങ്ങളുടെ സ്വാർത്ഥതയെക്കുറിച്ച് അവർ ബോധവാന്മാരല്ല; അവരുടെ ജീവിതരീതിയാണത്. താൻ സ്വാർത്ഥമതിയാണെന്ന് ബോധ്യമുള്ള മനുഷ്യൻ അതു ശ്രദ്ധാപൂർവ്വം മറച്ചു പിടിച്ചുകൊണ്ട്, അവശ്യം സ്വാർത്ഥാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയ്ക്ക് ഇണങ്ങി ജീവിക്കുന്നു. സ്വാർത്ഥപരമായ മനസ്സ് അങ്ങേയറ്റം സൂത്രശാലിയാണ്. ഒന്നുകിൽ അതു പരസ്യമായും നിഷ്ഠൂരമായും സ്വാർത്ഥത പ്രകടിപ്പിക്കും അല്ലെങ്കിൽ അതിന് അനേകം വ്യത്യസ്തരൂപങ്ങൾ നല്കും. നിങ്ങൾ ഒരു രാഷ്ട്രീയക്കാരനാണെങ്കിൽ നിങ്ങളുടെ സ്വാർത്ഥത അധികാരവും പദവിയും പ്രശസ്തിയും നേടുവാൻ ശ്രമിക്കുന്നു; ഏതെങ്കിലും ആശയത്തോടോ ദൗത്യത്തോടോ ഒത്തു ചേർന്നു നില്ക്കും – എല്ലാം പൊതുനന്മയുടെ പേരിലായിരിക്കും. നിങ്ങൾ ഒരു സ്വേച്ഛാധിപതിയാണെങ്കിൽ നിങ്ങളുടെ സ്വാർത്ഥത മൃഗീയമായ ആധിപത്യ വാഞ്ഛയായി പ്രകടമാകും. മതപരമായ കാര്യങ്ങളിലാണ് നിങ്ങൾക്ക് ആഭിമുഖ്യമെങ്കിൽ ആരാധനയുടെയും ഭക്തിയുടെയും വിശ്വാസത്തിന്റെയും ഏതെങ്കിലും സിദ്ധാന്തത്തോടുള്ള കൂറിന്റെയും മറ്റും രൂപത്തിലായിരിക്കും നിങ്ങളുടെ സ്വാർത്ഥത പ്രകടമാകുക. കുടുംബത്തിലും സ്വാർത്ഥത പ്രകടമാകാറുണ്ട്. തന്റെ ജീവിതചര്യകളിലെല്ലാം പിതാവ് സ്വന്തം സ്വാർത്ഥതാൽപര്യം പുലർത്തുന്നു; അതേപോലെ അമ്മയും. കീർത്തി, ഐശ്വര്യം, സുഭഗത എന്നിവയെല്ലാമാണ് അഹംബോധത്തിന്റെ നിഗൂഢവും നുഴഞ്ഞുകയറുന്നതുമായ ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനം. തങ്ങൾക്ക് ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചും തങ്ങളുടെ ഇഷ്ടദേവതയ്ക്കു തങ്ങൾ സൃഷ്ടിച്ചു നല്കിയിട്ടുള്ള രൂപത്തോട് തങ്ങൾക്കുള്ള മമതാബന്ധത്തെക്കുറിച്ചും എത്രയധികം പ്രഖ്യാപനങ്ങൾ നടത്തിയാലും പൗരോഹിത്യത്തിന്റെ അധികാരശ്രേണികളിൽ അതു നിലകൊള്ളുന്നുണ്ട്. വ്യവസായപ്രമുഖരിലും പാവപ്പെട്ട ഗുമസ്തന്മാരിലും അഹംബോധത്തിന്റെ വർദ്ധിച്ചുവരുന്നതും വിറങ്ങലിപ്പിക്കുന്നതുമായ ഭോഗപരത കാണാം. ലോകചര്യകൾ ഉപേക്ഷിച്ച സന്ന്യാസി ഭൂതലം മുഴുവൻ അലഞ്ഞു നടക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും ആശ്രമത്തിൽ അടച്ചിരിക്കുന്നു; പക്ഷേ, അപ്പോഴും അദ്ദേഹം അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ ഉപേക്ഷിക്കുന്നില്ല. അവർ പേരുകൾ മാറ്റിയിട്ടുണ്ടാകാം, സ്ഥാനവസ്ത്രങ്ങൾ ധരിക്കുന്നുണ്ടാകാം, ബ്രഹ്മചര്യവ്രതമോ, മൗനവ്രതമോ സ്വീകരിച്ചേക്കാം. പക്ഷേ, അവരുടെ ഉള്ളിൽ ഏതോ ആദർശത്തിന്റെ, വിഗ്രഹത്തിന്റെ, പ്രതീകത്തിന്റെ സങ്കല്പം എരിയുന്നുണ്ടാകും.

ശാസ്ത്രജ്ഞന്മാരുടെയും, തത്ത്വചിന്തകന്മാരുടെയും സർവകലാശാലകളിലെ അദ്ധ്യാപകരുടെയും സ്ഥിതിയും ഇതുതന്നെയാണ്, സത്പ്രവൃത്തികൾ ചെയ്യുന്നവർ, സന്ന്യാസികൾ, ഗുരുക്കന്മാർ, പാവപ്പെട്ടവർക്കുവേണ്ടി നിരന്തരം പ്രവർത്തിക്കുന്ന സ്ത്രീ പുരുഷന്മാർ—ഇവരെല്ലാം തങ്ങളുടെ പ്രവർത്തനത്തിൽ സ്വയം നഷ്ടപ്പെടാൻ ശ്രമിക്കുന്നു. പക്ഷേ, ആ പ്രവൃത്തി അഹംബോധത്തിന്റെ ഭാഗം തന്നെയാണ്. തങ്ങളുടെ അഹംബോധത്തെ അവർ പ്രവർത്തനത്തിലേക്കു മാറ്റം ചെയ്തിരിക്കുന്നു. ഇത് കുട്ടിക്കാലത്തു തുടങ്ങുന്ന, വാർദ്ധക്യംവരെ തുടരുന്നു. ഗർവിഷ്ഠനായ പണ്ഡിതൻ, സുശിക്ഷിതമായ വിനയം പ്രകടിപ്പിക്കുന്ന നേതാവ്, കീഴടങ്ങുന്ന ഭാര്യ, ഭരിക്കുന്ന പുരുഷൻ, ഇവരെല്ലാം ഇതേ രോഗത്താൽ ബാധിതരാണ്. അഹംബോധം, രാഷ്ട്രവുമായി, എണ്ണമറ്റ വിഭാഗങ്ങളുമായി, നിരവധി ആശയങ്ങളുമായി, അനേകം പ്രശ്നങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു; പക്ഷേ, അപ്പോഴും അത് ആരംഭത്തിലുള്ള അതേ നിലയിൽ തുടരുന്നു.

വളരെയധികം ദുരിതങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണമായിത്തീരുന്ന ഈ സ്ഥിതിവിശേഷത്തിൽ നിന്ന് മോചനം നേടുവാൻ മനുഷ്യൻ അനുഷ്ഠാനങ്ങൾ, പദ്ധതികൾ. ധ്യാനങ്ങൾ എന്നു തുടങ്ങി പല മാർഗങ്ങളും പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. പക്ഷേ, ഒരു നിഴലിനെയെന്നപോലെ അതിനെ ഒരിക്കലും പിടിയിലൊതുക്കാൻ കഴിഞ്ഞിട്ടില്ല. അത് എപ്പോഴും അവിടെയുണ്ട്. നിങ്ങളുടെ വിരലുകൾക്കിടയിലൂടെ, മനസ്സിലൂടെ അത് ഊർന്നുപോകുന്നു. സാഹചര്യങ്ങൾക്കനുസരിച്ചു ചിലപ്പോൾ അതു ശക്തമാകും. ചിലപ്പോൾ ദുർബ്ബലമാകും. നിങ്ങൾ അതിനെ ഒരു മൂലയിലൊതുക്കി പിടികൂടാൻ ശ്രമിക്കുന്നു; അതു മറുഭാഗത്ത് തലപൊക്കുന്നു.

ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ ചുമതലപ്പെട്ട വിദ്യാഭ്യാസ പ്രവർത്തകൻ ഈ അഹംബോധം എത്രമാത്രം ഉപദ്രവകാരിയാണെന്ന് അക്ഷരാർത്ഥത്തിലല്ലാതെ മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതു നമ്മുടെ ജീവിതത്തെ എത്രത്തോളം ദുഷിപ്പിക്കുകയും വികലമാക്കുകയും ചെയ്യുന്നു എന്ന്, അത് എത്രമാത്രം ആപത്ക്കരണമാണെന്ന് അയാൾ മനലസ്സിലാക്കിയിട്ടുണ്ടോ? അതിൽനിന്ന് സ്വതന്ത്രനാകേണ്ടത് എങ്ങനെയാണെന്ന് അയാൾക്ക് അറിവുണ്ടായിരിക്കില്ല; അതിന്റെ സാന്നിധ്യംതന്നെ അയാൾ അറിഞ്ഞിട്ടുണ്ടാവില്ല. അഹംബോധത്തിന്റെ പ്രവർത്തനത്തെക്കുറിച്ചു മനസ്സിലാക്കാൻ കഴിഞ്ഞാൽ അതിന്റെ സൂക്ഷ്മമായ വിശദാംശങ്ങൾ അയാൾ വിദ്യാർത്ഥിക്കു പറഞ്ഞുകൊടുക്കുമോ? അങ്ങനെ ചെയ്യേണ്ടത് അയാളുടെ ചുമതലയല്ലേ?

★ ★ ★

ചിന്ത ഭയം ഉളവാക്കുന്നു. ജോലി നഷ്ടമാകുന്നതിനെക്കുറിച്ച്, അല്ലെങ്കിൽ ജോലി നഷ്ടപ്പെട്ടേക്കാമെന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. ആ ചിന്ത ഭയം ഉളവാക്കുന്നു. ചിന്ത കാലത്തിൽ സ്വയം പ്രക്ഷേപിതമാണ്; കാരണം ചിന്ത കാലമാണ്. എനിക്കുണ്ടായ രോഗത്തെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു; എനിക്കു വേദന ഇഷ്ടമല്ല; അതു വീണ്ടും വന്നേക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഞാൻ വേദന അനുഭവിച്ചിട്ടുണ്ട്; അതെക്കുറിച്ചു ചിന്തിക്കുന്നതും അതു വീണ്ടും വരാൻ ഇഷ്ടപ്പെടാത്തതും ഭയം ഉളവാക്കുന്നു. സന്തോഷ (pleasure) വുമായി വളരെ അടുത്ത ബന്ധമാണു ഭയത്തിനുള്ളത്. നമ്മിൽ മിക്കവരും സന്തോഷത്താൽ നയിക്കപ്പെടുന്നവരാണ്. മൃഗങ്ങൾക്കെന്ന പോലെ നമുക്ക് ഏറ്റവുമധികം പ്രധാനപ്പെട്ടതാണ് സന്തോഷം. അതു ചിന്തയുടെ ഒരു ഭാഗമാ

# അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ

ണ്. സന്തോഷം നല്കിയ എന്തിനെയെങ്കിലും കുറിച്ചു ചിന്തിക്കുമ്പോൾ ആ സന്തോഷം വർദ്ധിക്കുന്നു. ഇല്ലേ? ഇതെല്ലാം നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? മനോഹരമായ ഒരു സൂര്യാസ്തമയം, ഒരു ലൈംഗികാനുഭവം – ഇങ്ങനെ എന്തെങ്കിലും ഒന്നു നിങ്ങളെ സന്തോഷിപ്പിച്ചിരിക്കും. നിങ്ങൾ അതേക്കുറിച്ചു ചിന്തിക്കുന്നു. ആ ചിന്ത ആ സന്തോഷത്തെ വർദ്ധിപ്പിക്കുന്നു. വേദനയെക്കുറിച്ചുള്ള ചിന്ത ഭയം ഉളവാക്കുന്നതുപോലെ. അതായതു ചിന്ത സന്തോഷത്തെയും ഭയത്തെയും സൃഷ്ടിക്കുന്നു. ചിന്തയാണ് സന്തോഷം തേടാനും അതു തുടർന്നു പോകാനും ഹേതുവാകുന്നത്; ഭയത്തിനു കാരണമാകുന്നതും ചിന്ത തന്നെ. നമുക്ക് അതു മനസ്സിലാക്കണം, പരിശോധിച്ചറിയാൻ കഴിയുന്ന ഒരു വസ്തുതയാണിത്.

അപ്പോൾ നമ്മൾ ചോദിക്കും; “സന്തോഷത്തെക്കുറിച്ചോ വേദനയെക്കുറിച്ചോ വിചാരിക്കാതിരിക്കാൻ കഴിയുമോ? ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രം നമുക്കു ചിന്തിക്കുവാൻ സാധിക്കുമോ; മറ്റു സന്ദർഭങ്ങളിൽ അതു ഒഴിച്ചു നിർത്താനും?”. നിങ്ങൾ ഒരു ആഫീസിൽ ജോലി ചെയ്യുമ്പോൾ, നിങ്ങൾ ഒരു പണി ചെയ്തുകൊണ്ടിരിക്കുമ്പോൾ ചിന്ത ആവശ്യമാണ്; അല്ലെങ്കിൽ നിങ്ങൾക്കു ഒന്നുംതന്നെ ചെയ്യുവാൻ കഴിയില്ല. പ്രസംഗിക്കുമ്പോഴും എഴുതുമ്പോഴും സംസാരിക്കുമ്പോഴും ആഫീസിലേക്കു പോകുമ്പോഴും എല്ലാം ചിന്ത ആവശ്യമാണ്. അപ്പോൾ അതു സൂക്ഷ്മവും വ്യക്തിനിരപേക്ഷവും ആയിരിക്കണം. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ അതിനെ നിയന്ത്രിക്കരുത്. ശരി, ഈ സന്ദർഭത്തിൽ ചിന്ത ആവശ്യംതന്നെ. പക്ഷേ, മറ്റേതെങ്കിലും കർമ്മമണ്ഡലത്തിൽ ചിന്ത ആവശ്യമാണോ?

ദയവായി ശ്രദ്ധിക്കൂ. ചിന്ത നമുക്കു വളരെ പ്രധാനപ്പെട്ട ഒന്നാണ്; അതാണ് നമുക്കുള്ള ഏക ഉപകരണം. അനുഭവങ്ങളിലൂടെയും അറിവിലൂടെയും പാരമ്പര്യത്തിലൂടെയും സഞ്ചിതമായ ഓർമ്മകളുടെ പ്രതികരണമാണ് ചിന്ത. ഓർമ്മ കാലത്തിന്റെ പരിണതഫലവും മൃഗങ്ങളിൽ നിന്നു പാരമ്പര്യവഴിക്കു ലഭിച്ചിട്ടുള്ളതും ആണ്. ഈ പശ്ചാലത്തിൽ നാം പ്രതികരിക്കുന്നു. ഈ പ്രതികരണമാണ് ചിന്തിക്കൽ. ചില തലങ്ങളിൽ ചിന്ത അത്യാവശ്യമാണ്. പക്ഷേ, ചിന്ത ഭാവികാലത്തിലേക്കോ ഭൂതകാലത്തിലേക്കോ സ്വയം പ്രക്ഷേപിതമായാൽ അതു ഭയമോ സന്തോഷമോ ഉളവാക്കും; ഈ പ്രക്രിയ മനസ്സിനെ അലസമാക്കും; അപ്പോൾ നിഷ്ക്രിയത്വം അനിവാര്യമാകും. മാന്യരേ, നമ്മൾ നേരത്തേ പറഞ്ഞതുപോലെ, ചിന്തയാണു ഭയം ഉളവാക്കുന്നത് — എന്റെ ജോലി നഷ്ടപ്പെടുമെന്ന ചിന്ത, എന്റെ ഭാര്യ മറ്റാരുടെയെങ്കിലും കൂടെ ഓടിപ്പോയേക്കുമോ എന്ന ചിന്ത, മരണത്തെക്കുറിച്ചുള്ള ചിന്ത, കഴിഞ്ഞുപോയതിനെക്കുറിച്ചുള്ള ചിന്ത — ഇങ്ങനെ പലതരത്തിലുള്ള ചിന്തകൾ മാനസികമായി, ആത്മരക്ഷയെ പ്രതി, ഭൂതകാലത്തെക്കുറിച്ചോ ഭാവികാലത്തെക്കുറിച്ചോ വിചാരിക്കാതിരിക്കാൻ ചിന്തയ്ക്കു കഴിയുമോ?

ചോദ്യം നിങ്ങൾക്കു മനസ്സിലായോ? മാന്യരേ, മനസ്സിന് — തലച്ചോറും അതിൽ ഉൾപ്പെടുന്നു — ഭയത്തെ സൃഷ്ടിക്കുവാനും കീഴടക്കുവാനും കഴിയും. ഭയത്തെ കീഴടക്കുക എന്നു വച്ചാൽ, അതിനെ അമർത്തിവയ്ക്കുകയോ നിലയ്ക്കു നിർത്തുകയോ രൂപാന്തരപ്പെടുത്തുകയോ ആണ്. പക്ഷേ, ഇതെല്ലാം സംഘർഷം ഉളവാക്കും, ഇല്ലേ? എനിക്കു ഭയം തോന്നുമ്പോൾ ഞാൻ എന്നോടു തന്നെ പറയും: “ഞാൻ അതിനെ നിയന്ത്രിക്കണം, ഞാൻ അതിൽ നിന്ന് ഓടിയകലണം, ഞാൻ അതിനെ മറികടക്കണം”. ഇതു സംഘർഷത്തിനു കാരണമാകും, ഇല്ലേ? ഊർജ്ജത്തിന്റെ ദുർവ്യയമാണ് സംഘർഷം. പക്ഷേ, ഭയം ഉളവാക്കുന്നത് എങ്ങനെയാണെന്നു മനസ്സിലാക്കാൻ സാധിച്ചാൽ എനിക്ക് അതിനെ കൈകാര്യം ചെയ്യാൻ കഴിയും. ചിന്ത എങ്ങനെയാണ് ഭയം ഉളവാക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു ഞാൻ സ്വയം ചോദിക്കുന്നു: “ചിന്തയ്ക്കു നിശ്ചലമാകാൻ സാധ്യമാണോ? ഇല്ലെങ്കിൽ ഭയം തുടർന്നുപോകില്ലേ?”

★ ★ ★

‘മനസ്സിലാക്കുക’, ‘കാണുക’ എന്നീ വാക്കുകളെക്കുറിച്ചു നാം തികച്ചും ബോധവാന്മാരാകേണ്ടതുണ്ട്. നമ്മൾ എന്തെങ്കിലും വസ്തു ശരിക്കും കാണുന്നുണ്ടോ? അതോ അതേക്കുറിച്ചുള്ള നമ്മുടെ സങ്കല്പരൂപ (image) ത്തിലൂടെയാണോ നാം അതു കാണുന്നത്? നിങ്ങൾ ഒരു വൃക്ഷത്തെ നോക്കുമ്പോൾ ആ വൃക്ഷത്തെക്കുറിച്ച് നിങ്ങൾക്കുള്ള സങ്കല്പരൂപത്തിലൂടെയാണ് നിങ്ങൾ വൃക്ഷമെന്നെ യാഥാർത്ഥ്യത്തെ കാണുന്നത്. ഈ കാര്യം നിങ്ങൾ തന്നെ കാണൂ. നിങ്ങളെത്തന്നെ നിരീക്ഷിക്കുക. നിങ്ങൾ എങ്ങനെയാണ് ഒരു വൃക്ഷത്തെ കാണുന്നത്? നാം സംസാരിച്ചുകൊണ്ടിരിക്കെത്തന്നെ നിങ്ങൾ നോക്കൂ. നിങ്ങൾ ചിന്തിച്ചുകൊണ്ടാണ് അതിനെ നോക്കുന്നത്. ഇത് ഒരു പനയാണ്, ഇത് ഇന്ന വൃക്ഷമാണ് എന്ന് നിങ്ങൾ പറയുന്നു. ആ ചിന്ത വൃക്ഷമെന്ന യാഥാർത്ഥ്യം കാണുവാൻ തടസ്സമായിത്തീരുന്നു. കുറെക്കൂടി ആന്തരികമായി. ആത്മനിഷ്ഠമായി നോക്കൂ. നിങ്ങൾ നിങ്ങളുടെ ഭാര്യയെയോ ഭർത്താവിനെയോ ആ വ്യക്തിയെക്കുറിച്ച് നിങ്ങൾക്കുള്ള സങ്കല്പരൂപത്തിലൂടെയാണ് നോക്കുന്നത്. ആ വ്യക്തിയോടൊത്തു വളരെ വർഷങ്ങൾ ജീവിച്ചിട്ടുള്ളതുകൊണ്ട് നിങ്ങൾ ആ വ്യക്തിയെക്കുറിച്ചു ഒരു സങ്കല്പം രൂപപ്പെടുത്തിയിട്ടുണ്ടാകും. അതിനാൽ ആ സങ്കല്പരൂപത്തിലൂടെയാണ് നിങ്ങൾ ആ വ്യക്തിയെ നോക്കുന്നത്. ഇങ്ങനെ വളർത്തിയെടുത്തിട്ടുള്ള രണ്ടു സങ്കല്പരൂപങ്ങൾ തമ്മിലാണ് ഇവിടെബന്ധം — അല്ലാതെ രണ്ടു വ്യക്തികൾ തമ്മിലല്ല. അതിനാൽ നിങ്ങൾ യഥാർത്ഥത്തിൽ കാണുന്നില്ല. ഒരു സങ്കല്പരൂപം മറ്റൊരു സങ്കല്പരൂപത്തെ കാണുന്നുവെന്നു മാത്രം.

ലോകമെങ്ങുമുള്ള മാനുഷികബന്ധങ്ങളാണ് നാം പരിഗണിക്കുന്നതെന്നതിനാൽ, ഇക്കാര്യം ശരിക്കും മനസ്സിലാക്കേണ്ടതു വളരെ പ്രധാനമാണ്. ഈ സങ്കല്പബിംബങ്ങൾ നിലനില്ക്കുന്നേടത്തോളംകാലം യഥാർത്ഥ ബന്ധങ്ങൾ ഉണ്ടാവില്ല. അതാണ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള മുഴുവൻ സംഘർഷത്തിനും കാരണം. നമ്മിൽ ഓരോ ആളും അപരനെപ്പറ്റി ഒരു സങ്കല്പരൂപം മെനഞ്ഞെടുക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. അതിനാൽ നാം നോക്കുമ്പോൾ അപരനെക്കുറിച്ചു നമുക്കുള്ള സങ്കല്പരൂപത്തിനെയാണ് കാണുന്നത്. അയാൾ കാണുന്നത് നമ്മെക്കുറിച്ച് അയാൾക്കുള്ള സങ്കല്പരൂപത്തിനെയാണ്. ഈ വസ്തുത നിങ്ങൾ ശരിക്കും അറിയണം. അറിയുക എന്നത് അതെക്കുറിച്ചു പറയുക എന്നതിൽ നിന്നു വ്യത്യസ്തമാണ്. നിങ്ങൾക്കു വിശക്കുമ്പോൾ നിങ്ങൾ അത് അറിയുന്നു. നിങ്ങൾക്കു വിശക്കുന്നുണ്ടെന്നു ആരും നിങ്ങൾക്കു പറഞ്ഞുതരേണ്ടതില്ല. നിങ്ങൾക്കു വിശക്കു

# അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ

ന്നുണ്ടെന്നു മറ്റൊരാൾ നിങ്ങളോടു പറയുകയും നിങ്ങൾ അതു സമ്മതിക്കുകയും ചെയ്താൽ, അത് യഥാർത്ഥത്തിൽ നിങ്ങൾക്കു വിശപ്പുണ്ടെന്ന വസ്തുതയിൽ നിന്നും തികച്ചും വിഭിന്നമായ് ഒരു കാര്യമാണ്. ഇതേപോലെ, അന്യനെക്കുറിച്ചു നിങ്ങൾക്കു ഒരു സങ്കല്പമുണ്ടെന്ന വസ്തുത നിങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. നിങ്ങൾ അന്യനെ ഹിന്ദുവായോ മുസ്ലീമായോ കമ്മ്യൂണിസ്റ്റായോ മറ്റോ വീക്ഷിക്കുമ്പോൾ മാനുഷികബന്ധങ്ങൾ അവസാനിക്കുന്നു. അന്യനെക്കുറിച്ചു നിങ്ങൾ രൂപീകരിച്ചിട്ടുള്ള സങ്കല്പത്തെ മാത്രമാണ് നിങ്ങൾ വീക്ഷിക്കുന്നത്.

ഈ സങ്കല്പരൂപനിർമ്മാണത്തിൽ ഒരു മാറ്റം വരുത്തുവാൻ എന്തെങ്കിലും സാധ്യതയുണ്ടോ എന്നാണ് നാം അന്വേഷിക്കുന്നത്. ശ്രദ്ധിക്കൂ, ഇത് ഉൾക്കൊള്ളുന്ന സാധാരണമല്ലാത്ത വിവക്ഷിതങ്ങൾ മനസിലാക്കൂ. സമൂഹം, സംസ്കാരം, മതം, സാമ്പത്തിക സ്ഥിതി, കാലാവസ്ഥ, ഭക്ഷണം, വായിക്കുന്ന പുസ്തകങ്ങൾ, വർത്തമാനപത്രങ്ങൾ എന്നിവയെല്ലാം മനുഷ്യരെ ശീലവിധേയരാക്കുന്നു. അവർ ശീലവിധേയരാക്കപ്പെട്ടിരിക്കുന്നു. ആ ശീലവിധേയത്വത്തിനപ്പുറം എന്തെങ്കിലുമുണ്ടോ എന്നു കണ്ടെത്താനാണ് നമ്മുടെ ശ്രമം.

★ ★ ★

എന്താണ് ദുഃഖം എന്നതിനെക്കുറിച്ചാണ് നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ദുഃഖത്തെ മറികടക്കാൻ മനുഷ്യൻ, പ്രാർത്ഥന, ഒഴിഞ്ഞുമാറൽ, മദ്യപാനം, വിനോദപരിപാടികൾ എന്നിങ്ങിനെ പലവഴികളും സ്വീകരിക്കാറുണ്ട്. പക്ഷേ, ദുഃഖം എന്നും അവിടെ ഉണ്ടായിരിക്കും. മറ്റേതൊരു കാര്യത്തേയും മനസ്സിലാക്കുന്നതുപോല ദുഃഖത്തെയും നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനെ നിഷേധിക്കരുത്. അതിനെ അടിച്ചമർത്തരുത്, അതിനെ മറികടക്കാൻ ശ്രമിക്കരുത്. അത് എന്താണോ അതേപോലെ അതിനെ കാണുക. എന്താണ് ദുഃഖം? എന്താണ് ദുഃഖമെന്നു നിങ്ങൾക്കറിയാമോ? ഞാൻ നിങ്ങൾക്കു അതു പറഞ്ഞു തരേണ്ടതുണ്ടോ? നിങ്ങൾ സ്നേഹിക്കുന്നുണ്ടെന്നു കരുതുന്ന ഒരാൾ നഷ്ടപ്പെടുമ്പോൾ നിങ്ങൾക്കു ദുഃഖമുണ്ടാകുന്നു. എന്തെങ്കിലും കാര്യം മുഴുവനായി നിറവേറ്റാൻ സാധിക്കാതെ വരുമ്പോൾ നിങ്ങൾ ദുഃഖിക്കുന്നു. സന്ദർഭമോ കഴിവോ ഇല്ലാതെ പോകുമ്പോൾ നിങ്ങൾക്കു ദുഃഖമുണ്ടാകുന്നു. എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുകയും അതിന് ഒരു വഴിയും കാണാതിരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ദുഃഖിക്കുന്നു. ശൂന്യതയും ഏകാന്തതയും അനുഭവപ്പെടുമ്പോൾ നിങ്ങൾക്കു ദുഃഖമുണ്ടുകുന്നു. ആത്മാനുകമ്പ ദുഃഖത്തിന്റെ ഭാരം കൂട്ടുന്നു. ആത്മാനുകമ്പ എന്നാൽ എന്താണെന്നു നിങ്ങൾക്കറിയാമോ? ബോധപൂർവമായോ അബോധപൂർവമായോ നിങ്ങൾ നിങ്ങളെക്കുറിച്ചു തന്നെ സഹതാപംകൊള്ളുമ്പോൾ, "ഞാൻ എത്തിപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ എനിക്കു യാതൊന്നും ചെയ്യാൻ കഴിയുന്നില്ല" എന്നു നിങ്ങൾ ആവലാതിപ്പെടുമ്പോൾ, അത് ആത്മാനുകമ്പയാണ്. നിങ്ങളുടെ വിധിയെക്കുറിച്ചു നിങ്ങൾ സങ്കടപ്പെടുമ്പോൾ, നിങ്ങൾ നിങ്ങളെത്തന്നെ ശല്യക്കാരനായി കാണുമ്പോൾ, അത് ആത്മാനുകമ്പയാണ്. അപ്പോൾ ദുഃഖം ഉടലെടുക്കുന്നു.

ദുഃഖത്തെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ ആദ്യം ആത്മാനുകമ്പയെക്കുറിച്ച് അവബോധമുണ്ടാകണം. ദുഃഖത്തിന്റെ ഘടകങ്ങളിൽ ഒന്നാണത്. ആരെങ്കിലും മരിക്കുമ്പോൾ നിങ്ങൾ ഒറ്റയ്ക്കായതായി തോന്നുന്നു. നിങ്ങൾക്ക് ഏകാന്തത അനുഭവപ്പെടുന്നു. അല്ലെങ്കിൽ ഒരാൾ മരിക്കുമ്പോൾ നിങ്ങൾക്കു സ്വത്തു നഷ്ട്പ്പെടുന്നു. നിങ്ങൾക്കു അരക്ഷിതത്വം തോന്നുന്നു. നിങ്ങൾ മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നിങ്ങൾ പരാതിപ്പെടാൻ തുടങ്ങുന്നു. നിങ്ങൾ സ്വയം സഹതപിക്കാൻ തുടങ്ങുന്നു. ഇങ്ങനെ നോക്കുമ്പോൾ ആത്മാനുകമ്പ ദുഃഖത്തിന്റെ ഒരു ഘടകമാണെന്നു വരുന്നു. നിങ്ങൾ ഒറ്റയ്ക്കാണെന്നതുപോലെ ഇതും ഒരു വസ്തുതയാണ്. ഉള്ളത് എന്നതാണ് അത്. ആത്മാനുകമ്പയെ നിരീക്ഷിക്കുക, അതിനെ മറികടക്കാനോ നിഷേധിക്കാനോ ശ്രമിക്കാതിരിക്കുക. അതേക്കുറിച്ച് ഞാൻ എന്താണ് ചെയ്യേണ്ടതെന്നു ചോദിക്കാതിരിക്കുക. ആത്മാനുകമ്പ ഉണ്ടെന്നതാണ് വസ്തുത. ഇന്നലെ നിങ്ങളുടെ കൈയിൽ പണം ഉണ്ടായിരുന്നപ്പോൾ, ആ കഴിവ് നിങ്ങൾക്ക് ഉണ്ടായിരുന്നപ്പോൾ നിങ്ങൾക്കനുഭവപ്പെട്ടിരുന്ന അത്യധികമായ സുരക്ഷിതത്വബോധത്തോട് താരതമ്യപ്പെടുത്താതെ നിങ്ങൾക്ക് അതിനെ നിരീക്ഷിക്കുവാൻ കഴിയുമോ? അതിനെ നിരീക്ഷിക്കുക, അപ്പോൾ ആത്മാനുകമ്പയ്ക്ക് യാതൊരിടവും ഇല്ലെന്നു നിങ്ങൾക്കു കാണാൻ കഴിയും. ആ സ്ഥിതിവിശേഷം അതേപടി അംഗീകരിക്കുന്നു എന്നല്ല ഇതിനർത്ഥം.

മനുഷ്യന് അനുഭവപ്പെടുന്ന അത്യധികമായ ഏകാന്തതയാണ് ദുഃഖത്തിന്റെ ഒരു ഘടകം. നിങ്ങൾക്കു കൂട്ടുകാരുണ്ടാകാം, ഈശ്വരന്മാരുണ്ടാകാം, വളരെയേറെ അറിവുണ്ടാകാം, സാമൂഹികരംഗത്തു നിങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ടാകാം, രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു നിങ്ങൾ വായതോരാതെ കിംവദന്തികൾ പറഞ്ഞുപരത്തുന്നുണ്ടാകാം. മിക്ക രാഷ്ട്രീയപ്രവർത്തകരും ചെയ്യുന്ന ഒരു കാര്യമാണിത്. പക്ഷേ, അപ്പോഴും ഈ ഏകാന്തത നിലനിൽക്കും. അതിനാൽ മനുഷ്യൻ ജീവിതത്തിന് ഒരു അർത്ഥം കണ്ടെത്താൻ ശ്രമിക്കുന്നു. മനുഷ്യൻ ജീവിതത്തിന് ഒരു ഗൗരവം, ഒരു അർത്ഥം കണ്ടെത്തുന്നു. പക്ഷേ, ഏകാന്തത അപ്പോഴും നിലനിൽക്കും. നിങ്ങൾക്ക് അതിനെ ഒരു വിധത്തിലുള്ള താരതമ്യം നടത്താതെ, അതിൽ നിന്ന് ഓടിയൊളിക്കാൻ മുതിരാതെ, അതിനെ മൂടിവെയ്ക്കാൻ ശ്രമിക്കാതെ, ഉള്ളപടി നിരീക്ഷിക്കാൻ കഴിയുമോ? അപ്പോൾ ഏകാന്തത തികച്ചും വ്യത്യസ്തമായ ഒന്നായി മാറുന്നതു നിങ്ങൾക്കു കാണാൻ കഴിയും.

★ ★ ★

ഒരുമിച്ചു ജീവിക്കേണ്ട ഒരു പുരുഷനോടോ സ്ത്രീയോടോ ഒപ്പം നാം കഴിഞ്ഞുകൂടുന്നു. ഇരുപതോ ഇരുപത്തഞ്ചോ വയസ്സാകുമ്പോൾ ഞാൻ വിവാഹം കഴിക്കുന്നു. ബാക്കി ജീവിതകാലം മുഴുവൻ അതുവരെ പരിചയമില്ലാത്ത ഒരു സ്ത്രീയോടൊപ്പം എനിക്കു ജീവിക്കേണ്ടിവരുന്നു. എനിക്ക് അവരെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. എന്നിട്ടും ആ സ്ത്രീയോടൊപ്പം ബാക്കി ജീവിതകാലം കഴിച്ചുകൂട്ടാൻ നിങ്ങൾ എന്നോട് ആവശ്യപ്പെടുന്നു. ഇതിനെ നിങ്ങൾ വിവാഹം എന്നു വിളിക്കുമോ? ഞാൻ കൂടുതൽ വളരുകയും അറിയുകയും ചെയ്യുന്നതോടെ ആ സ്ത്രീ എന്നിൽ നിന്നും വളരെ വ്യത്യസ്തയാണെന്നു മനസ്സിലാക്കുന്നു. അവർക്കു ക്ലബ്ബുകളിൽ പോകുന്നതായിരിക്കും ഇഷ്ടം; വളരെ ഗൗരവമുള്ള കാര്യങ്ങളിലായിരിക്കും എനിക്കു താൽപര്യം. ഇതു മറിച്ചും ആകാം. എന്നിട്ടും ഞങ്ങൾക്ക് കുട്ടികൾ ഉണ്ടാ

# അഹംബോധത്തിന്റെ അവസാനമില്ലാത്ത ചേഷ്ടകൾ

കുന്നു. അതാണ് അത്യധികം വിചിത്രമായ കാര്യം! മാന്യരേ, സ്ത്രീകളെ നോക്കി ചിരിക്കാതിരിക്കൂ, അതു നിങ്ങളുടെ കാര്യമാണ്. ഞാൻ ഒരു ബന്ധം സ്ഥാപിച്ചു; പക്ഷേ, അതിന്റെ അർത്ഥം എനിക്ക് അിറഞ്ഞുകൂടാ. ഞാൻ അതു മനസ്സിലാക്കുകയോ കണ്ടെത്തുകയോ ചെയ്തിട്ടുമില്ല.

സ്നേഹിക്കുന്ന വളരെ വളരെ കുറച്ചുപേർക്കേ, വിവാഹബന്ധം സാർത്ഥകമായി അനുഭവപ്പെടുന്നുള്ളു. അപ്പോൾ അതു തകരാത്ത ഒന്നായിരിക്കും. അപ്പോൾ അതു കടമ നിറവേറ്റലോ സൗകര്യം നോക്കലോ ആയിരിക്കില്ല. ശാരീരികമായ ലൈംഗികതൃഷ്ണയെ ആധാരമാക്കിയുള്ളതും ആയിരിക്കില്ല. നിരുപാധികമായ ആ സ്നേഹത്തിൽ വ്യക്തിത്വങ്ങൾ അലിഞ്ഞു ചേരുന്നു. അത്തരം ഒരു ബന്ധത്തിൽ പരിഹാരങ്ങൾക്കും, ആശയ്ക്കും വഴിയുണ്ട്. പക്ഷേ, നമ്മിൽ ഭൂരിപക്ഷം പേർക്കും വിവാഹബന്ധം അങ്ങനെ അലിഞ്ഞു ചേർന്നിട്ടുള്ള ഒന്നല്ല. വ്യത്യസ്ത വ്യക്തിത്വങ്ങളെ സമന്വയിപ്പിക്കാൻ നിങ്ങൾ നിങ്ങളേയും അവൾ അവളേയും അറിയേണ്ടതുണ്ട്. അതിനർത്ഥം സ്നേഹിക്കുക എന്നാണ്. പക്ഷേ, സ്നേഹം ഇല്ല എന്നതു പ്രകടമായ വസ്തുതയാണ്. സ്നേഹം എപ്പോഴും നൂതനമായിരിക്കും, പുതുമയുള്ളതായിരിക്കും. അതു വെറും തൃപ്തി നേടലല്ല, വെറുമൊരു ശീലമല്ല. നിരുപാധികമായ ഒന്നാണ് അത്. നിങ്ങൾ ഭർത്താവിനോട് അല്ലെങ്കിൽ ഭാര്യയോട് ആ രീതിയിൽ പെരുമാറുന്നില്ല; ഉവ്വോ?

*ചോദ്യം: കുഴപ്പം നിറഞ്ഞ ഈ ലോകത്തെ നേരിടാൻ എന്റെ കുട്ടി ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു നേടേണ്ടത്?*

കൃഷ്ണമൂർത്തി: ഇതു ശരിക്കും വലിയൊരു ചോദ്യമാണ്, അല്ലേ? കുട്ടിക്കു ലഭിക്കേണ്ടത് ഏതു തരത്തിലുള്ള വിദ്യാഭ്യാസമായിരിക്കണം എന്നതല്ല, അധ്യാപകർക്കും പിതാക്കൾക്കും വിദ്യാഭ്യാസം ആവശ്യമാണെന്നതാണ് പ്രശ്നം (ചിരിയുടെ മർമ്മരം). ദയവു ചെയ്തു ചിരിക്കാതിരിക്കൂ. നിങ്ങൾക്കു ചിരിക്കാനും രസിക്കാനുമുള്ള ഒരു ഫലിതപ്രയോഗമല്ല ഇത്. തികച്ചും വ്യത്യസ്തമായ രീതിയിലുള്ള ഒരു വിദ്യാഭ്യാസം നമുക്കൊക്കെ ആവശ്യമല്ലേ? കുട്ടിക്ക് ഒരു സാങ്കേതിക പദ്ധതി നല്കാനും ജോലി കിട്ടാനും അതുവഴി ഉപജീവനം നേടാനും സഹായകമായ വിധത്തിൽ അവന്റെ ഓർമ്മശക്തി വളർത്താൻ ഉതകുന്ന തരത്തിലുള്ളതല്ല, അവനെ ശരിക്കും ധീഷണാശാലിയാക്കാൻ സഹായിക്കുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസം. ജീവിതത്തിന്റെ ഒരു വശത്തെക്കുറിച്ചുമാത്രം അറിയുന്നതല്ല, അതിന്റെ സമഗ്രപ്രക്രിയയെ ഉൾക്കൊള്ളുന്നതാണു വിവേകം.

അപ്പോൾ വാസ്തവത്തിൽ പ്രശ്നം ഇതാണ്. മുതിർന്നവരായ നമ്മൾക്ക്, കുട്ടിയെ സ്വാതന്ത്ര്യത്തിൽ, തികഞ്ഞ സ്വാതന്ത്ര്യത്തിൽ വളർന്നുവരുന്നതിനു സഹായിക്കുവാൻ കഴിയുമോ? തോന്നുന്നതെന്തും ചെയ്യാൻ അവനെ അനുവദിക്കുക എന്നല്ല ഇതിനർത്ഥം. സ്വാതന്ത്രമാവുക എന്നാൽ എന്താണെന്നു സ്വയം മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട്, സ്വതന്ത്രനാകുക എന്നാൽ എന്താണെന്നു മനസ്സിലാക്കുവാൻ അവനെ സഹായിക്കുവാൻ കഴിയുമോ?

നമ്മുടെ വിദ്യാഭ്യാസം ഇപ്പോൾ ഇണങ്ങാൻ സഹായിക്കുന്ന ഒരു പ്രക്രിയ മാത്രമാണ്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥയോട് ഇണങ്ങിപ്പോകാൻ അതു കുട്ടിയെ സഹായിക്കുന്നു. അപ്പോഴേ അവന് ജോലികിട്ടാനും പുറമേയ്ക്കു മാന്യത നേടാനും പള്ളിയിൽ പോകാനും അനുസരിക്കാനും മരണംവരെ ജീവിതത്തോടു മല്ലിടാനും സാധിക്കൂ. ആന്തരികമായി സ്വതന്ത്രനാകാൻ നാം അവനെ സഹായിക്കുന്നില്ല. അങ്ങനെയാണെങ്കിൽ മാത്രമേ വളർന്നുവരുമ്പോൾ അവനു ജീവിതത്തിലെ എല്ലാവിധ സങ്കീർണ്ണതകളേയും നേരിടാൻ കഴിയൂ. അവനിൽ ചിന്തിക്കുവാനുള്ള കഴിവു വളർത്തുകയാണ്, എന്തു ചിന്തിക്കണമെന്നു പഠിപ്പിക്കുകയല്ല, വേണ്ടത്. അതിന് അധികാരം, ഭയം, ദേശീയത, വിശ്വാസം, പാരമ്പര്യം തുടങ്ങിയ വയിൽനിന്ന് സ്വന്തം മനസ്സിനെ സ്വതന്ത്രനാക്കാൻ കഴിവുള്ളവനാക്കണം അധ്യാപകൻ. അപ്പോൾ നിങ്ങളുടെ സഹായത്തോടെ നിങ്ങളുടെ ധീഷണാശക്തിയിലൂടെ, കുട്ടി, സ്വതന്ത്രനാകുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, കണ്ടെത്തുക എന്നെല്ലാം പറഞ്ഞാൽ എന്താണെന്നു മനസ്സിലാകും. ■

*ഒന്നാം പേജിൽനിന്ന് തുടർച്ച*

# ശീലവും അതിനോടുള്ള പ്രതിരോധവും

ആദ്യത്തേതിന്റെ പ്രതികരണരൂപത്തിലുള്ള തുടർച്ച മാത്രം. അങ്ങനെ താങ്കൾക്കിപ്പോൾ രണ്ടു പ്രശ്നങ്ങളുണ്ട്. ആദ്യം ഒന്നേ ഉണ്ടായിരുന്നുള്ളു.

*ചോദ്യകർത്താവ്*: താങ്കളെന്താണ് പറയാൻ പോകുന്നതെന്ന് എനിക്കറിയാം. കാരണം അവബോധത്തെക്കുറിച്ച് താങ്കൾ പറയുന്നത് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ, എനിക്കെപ്പോഴും അവ ബോധത്തോടെയിരിക്കാനാവുന്നില്ല.

*കൃഷ്ണമൂർത്തി*: ഇപ്പോൾ താങ്കളിൽ ഒരേസമയം പലതും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓന്നാമതായി ആദ്യത്തെ ശീലം. പിന്നെ അതിനെ ഒഴിവാക്കാനുള്ള ആഗ്രഹം. അതിന്റെ പരാജയത്തിൽ നിരാശ. എല്ലായ്പോഴും അവബോധത്തോടെയിരിക്കാനുള്ള തീരുമാനവും. ഒരു ശീലം ഒഴിവാക്കാൻ താങ്കൾ കഠിനമായി ആഗ്രഹിച്ചപ്പോൾ ഈ ശൃംഖലയെല്ലാമുണ്ടായി. ഒരു ശീലത്തേയും അതിനോട് ചെയ്യുന്ന യുദ്ധത്തേയും സമീകരിക്കാൻ താങ്കളെപ്പോഴും ഉഴറുന്നു. നല്ലതോ ചീത്തയോ ആവട്ടെ, ശീലങ്ങളുണ്ടാവുന്നു — ഒരു പ്രത്യേക ശീലമല്ല — എന്നതാണ് യഥാർത്ഥ പ്രശ്നമെന്ന് താങ്കൾ മനസ്സിലാക്കുന്നില്ല. അപ്പോൾ വാസ്തവത്തിൽ ഒന്നാമത്തെ ചോദ്യം ഇതാണ്. യാതൊരു പരിശ്രമവും കൂടാതെ, എതിരായി ഒന്നും വളർത്തിയെടുക്കാതെ, നിതാന്തജാഗ്രതയിലൂടെ അടിച്ചമർത്താതെ — അതു തന്നെയാണല്ലോ പ്രതിരോധം — ഒരു ശീലത്തെ ഇല്ലാതാക്കാൻ കഴിയുമോ? നിതാന്തജാഗ്രത മറ്റൊരു ശീലമാണ്. കാരണം ജാഗ്രത ജന്മമെടുക്കുന്നതുതന്നെ അതു ജയിക്കാൻ ശ്രമിക്കുന്ന ആദ്യത്തെ ശീലത്തിൽനിന്നാണ്.

*ചോദ്യകർത്താവ്*: പ്രതിപ്രവർത്തനങ്ങളുടെ സങ്കീർണ്ണമായ ഒരു ശൃംഖല സൃഷ്ടിക്കാതെതന്നെ എനിക്ക് ശീലത്തെ ഒഴിവാക്കാനാവും എന്നാണോ താങ്കൾ പറയുന്നത്.?

*കൃഷ്ണമൂർത്തി*: അതൊഴിവാക്കണമെന്ന് ആഗ്രഹിക്കുന്ന കാലത്തോളം പ്രതിപ്രവർത്തനങ്ങളുടെ സങ്കീർണ്ണശൃംഖല ഉണ്ടായിക്കൊണ്ടിരിക്കും. അത് ഒഴിവാക്കാനുള്ള ആഗ്രഹംതന്നെയാണ് പ്രതിപ്രവർ

# ശീലവും അതിനോടുള്ള പ്രതിരോധവും

ത്തനത്തിന്റെ ശൃംഖല. അതിനാൽ ശീലത്തോടുള്ള നിഷ്പ്രയോജനമായ പ്രപതികരണം വാസ്തവത്തിൽ താങ്കളവസാനിപ്പിച്ചിട്ടില്ല.

*ചോദ്യകർത്താവ്*: പക്ഷേ, സംഗതി എന്തായാലും ഞാനിതിൽ എന്തെങ്കിലും ചെയ്‌തേ പറ്റൂ.

*കൃഷ്ണമൂർത്തി*: താങ്കളിൽ ഈ ഒരാഗ്രഹം പ്രബലമായുണ്ട് എന്നാണിത് സൂചിപ്പിക്കുന്നത്. ഈ ഒരാഗ്രഹവും അതിന്റെ പ്രതിപ്രവർത്തനങ്ങളും ശീലത്തിൽ നിന്നു വിഭിന്നമല്ല. അവ പരസ്പരം പരിപോഷിപ്പിക്കുന്നു. മേലാളനാവാനുള്ള ആഗ്രഹത്തിൽ നിന്നു വിഭിന്നമല്ല കീഴാളനായിരിക്കുന്നത്. അതിനാൽ മേലാളൻ തന്നെ കീഴാളൻ. പുണ്യവാളൻ തന്നെ പാപിയും.

*ചോദ്യകർത്താവ്*: അപ്പോൾ ഞാനിതിൽ ഒന്നും ചെയ്യാതിരിക്കുകയാണോ വേണ്ടത്?

*കൃഷ്ണമൂർത്തി*: താങ്കളിപ്പോൾ ചെയ്യുന്നത് പഴയ ശീലത്തിനെതിരായി പുതിയ മറ്റൊരു ശീലത്തെ വളർത്തിക്കൊണ്ടു വരികയാണ്.

*ചോദ്യകർത്താവ്*: പക്ഷേ, ഞാനൊന്നും ചെയ്യുന്നില്ലെങ്കിൽ പഴയ ശീലം അവിടെത്തന്നെയുണ്ടാവും. അപ്പോൾ തുടങ്ങിയേടത്തുതന്നെ നാം വീണ്ടുമെത്തുന്നു.

*കൃഷ്ണമൂർത്തി*: അങ്ങനെയാണോ? ഒരു ശീലത്തെ നശിപ്പിക്കാൻ താങ്കൾ ചെയ്യുന്നത് മറ്റൊരു ശീലത്തെ വളർത്തിയെടുക്കലാണെന്നറിഞ്ഞുകഴിഞ്ഞാൽ, പിന്നെ ഒന്നേ ചെയ്യാനുള്ളു. ആദ്യത്തെ ശീലത്തിനെതിരായി ഒന്നും ചെയ്യാതിരിക്കുക. നിങ്ങൾ ചെയ്യുന്നതെല്ലാം ശീലത്തിന്റെ മാതൃക കൈക്കൊള്ളുന്നു. അതിനാൽ ഒന്നും ചെയ്യാതിരിക്കുക. ശീലത്തോടു യുദ്ധം ചെയ്യേണ്ടതില്ല എന്നറിയുന്നതുതന്നെയാണ് ഏറ്റവും മഹത്തായ ധിഷണാകർമം. ഗുണോൽക്കൃഷ്ടമായി (positive) എന്തെങ്കിലും ചെയ്താൽ താങ്കൾ വീണ്ടും ശീലങ്ങളുടെ വേദിയിലെത്തുന്നു. ഇത് വ്യക്തമായറിഞ്ഞാൽ ഉടൻ തന്നെ വലിയ ആശ്വാസവും ലാഘവവും അനുഭവപ്പെടുന്നു. ഒരു ശീലത്തോട് യുദ്ധംചെയ്ത് മറ്റൊരു ശീലത്തെ വളർത്തിയെടുക്കുന്നത് ആദ്യശീലത്തെ നശിപ്പിക്കുകയില്ല എന്ന് താങ്കളിപ്പോൾ അറിയുന്നു. അങ്ങനെ താങ്കൾ യുദ്ധം അവസാനിപ്പിക്കുന്നു.

*ചോദ്യകർത്താവ്*: അപ്പോൾ പ്രതിരോധമില്ലാതെ ശീലം മാത്രം ബാക്കിയാവുന്നു.

*കൃഷ്ണമൂർത്തി*: ഏതു തരത്തിലുള്ള പ്രതിരോധവും ഒരു ശീലത്തെ വളർത്തുകയേ ഉള്ളൂ. ഇതിനർത്ഥം നിങ്ങൾ ആ ശീലം തുടർന്നുപോകണമെന്നല്ല. നിങ്ങൾ ശീലത്തെക്കുറിച്ചും അതിനെതിരായി വളർന്നുവരുന്ന മറ്റൊരു ശീലത്തെക്കുറിച്ചും ബോധവാനായിരിക്കുക. ശീലത്തെസ്സംബന്ധിച്ച് നിങ്ങളെന്തു ചെയ്താലും അതു മറ്റൊരു ശീലത്തിന്റെ രൂപീകരണമാണെന്ന് ഈ അവബോധം നിങ്ങൾക്കു മനസ്സിലാക്കിത്തരും. അതിനാൽ, ഈ പ്രക്രിയ പൂർണമായും നിരീക്ഷിക്കുമ്പോൾ നിങ്ങളുടെ ധിഷണ നിങ്ങളോടു പറയും ശീലത്തെ സംബന്ധിച്ച് ഒന്നും ചെയ്യാതിരിക്കുക. അതിനെ ശ്രദ്ധിക്കുകയേ വേണ്ട. അതിനെക്കുറിച്ച് വിഷമിക്കാതിരിക്കുക. കാരണം, നിങ്ങളതിനെക്കുറിച്ച് വിഷമിക്കുന്തോറും അതു കൂടുതൽക്കൂടുതൽ സക്രിയമാകുന്നു. ഇപ്പോൾ ധിഷണ പ്രവർത്തിക്കുകയാണ്. അത് ശ്രദ്ധയോടെ നിരീക്ഷിക്കുകയാണ്. ശീലത്തെ പ്രതിരോധിക്കുന്നതിനുള്ള, അതിനോട് പ്രതികരിക്കുന്നതിനുള്ള ജാഗരൂകതയിൽ നിന്ന് തീർത്തും വിഭിന്നമാണ് ഈ നിരീക്ഷണം. ധിഷണയുടെ ഈ നിരീക്ഷണത്തിന്റെ അനുഭവം നിങ്ങൾക്കുണ്ടാകുമ്പോൾ, ആ അനുഭവംതന്നെ സ്വയം പ്രവർത്തിച്ച് ശീലത്തെ കൈകാര്യം ചെയ്തുകൊള്ളും. ഇച്ഛയുടെയോ ദൃഢനിശ്ചയത്തിന്റെയോ ജാഗരൂകതയ്ക്ക് അതു ചെയ്യാനാവില്ല. അപ്പോൾ ശീലമല്ല പ്രധാനം. ശീലത്തെക്കുറിച്ചുള്ള ധാരണയാണ്. അതു ധിഷണാശക്തിയെ സൃഷ്ടിക്കുന്നു. അത് ഇച്ഛയുടെ ഇന്ധനം കൂടാതെതന്നെ ഉണർന്നിരിക്കും. ആദ്യം പറഞ്ഞ സംഗതിയിൽ ശീലത്തെ നാം നേരിടുന്നത് പ്രതിരോധത്തിലൂടെയാണ്. രണ്ടാമത്തേതിൽ നാമതിനെ നേരിടുന്നതേയില്ല. അതാണ് ധിഷണ. ഒരു ശീലത്തോടുള്ള പ്രതിരോധം മറ്റൊരു ശീലത്തെ വളർത്തിയെടുക്കുന്നു. ധിഷണയുടെ പ്രവർത്തനത്താൽ പ്രതിരോധം കൊഴിഞ്ഞുപോവുന്നു.

*ചോദ്യകർത്താവ്*: ഞാനെന്റെ ശീലം ഉപേക്ഷിച്ചുകഴിഞ്ഞു എന്നാണോ താങ്കൾ പറയുന്നത്?

*കൃഷ്ണമൂർത്തി*: മെല്ലെപ്പോവുക. താങ്കളതുപേക്ഷിച്ചുകഴിഞ്ഞു എന്നു ധൃതിപ്പെട്ട് സങ്കൽപ്പിക്കരുത്. ശീലത്തേക്കാൾ പ്രധാനം അവബോധമാണ്. അതുതന്നെയാണ് ധിഷണ. ധിഷണ ദിവ്യമാണ്. അതിനാൽ പരിശുദ്ധമായ കൈകളോടെ വേണം അതിനെ സ്പർശിക്കാൻ. ക്ഷുദ്രമായ നിസ്സാര കാര്യങ്ങൾക്കുവേണ്ടി അതിനെ ഉപയോഗിക്കരുത്. താങ്കളുടെ ചെറിയ ശീലം തികച്ചും അപ്രധാനമാണ്. ധിഷണയുള്ളിടത്ത് ശീലം നിസ്സാരമാകുന്നു. ധിഷണയില്ലെങ്കിൽ താങ്കൾക്കാകെയുള്ളത് ശീലത്തിന്റെ പരിണാമചക്രം മാത്രം. ■

*സംഭാഷണങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്*

*Published in September, January and May*
*Registered with the Registrar of Newspaper*
*for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*